"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - കാസർഗോഡ് പടന്ന പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.പ്രവീൺകുമാർ കെ.സി. - അനധികൃത ഹാജരില്ലായ്മ കാലയളവ് ക്രമീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.1597/2026/H&FWD തീയതി, തിരുവനന്തപുരം, 02-05-2026

---

പരാമർശം:-

1. കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസറുടെ 07.05.2011 തീയതിയിലെ എ4-7593/2007/ജി.മെ.ആ. നമ്പർ നടപടിക്രമം.
2. ശ്രീ. പ്രവീൺ കുമാർ. കെ.സി സമർപ്പിച്ച 13.06.2024 തീയതിയിലെ അപേക്ഷ.
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 08.01.2025 തീയതിയിലെ ഇ.എഫ്.1-20241/2024/ആ.വ.ഡ നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ഇരിങ്ങൽ കുടുംബാരോഗ്യ കേന്ദ്രത്തിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിന്നും വിരമിച്ച ശ്രീ. പ്രവീൺ കുമാർ കെ.സി, കാസർഗോഡ് ജില്ലയിലെ പടന്ന പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ജോലി ചെയ്തുവരവെ 01.10.2007 മുതൽ 18.10.2009 വരെ ജോലിക്ക് അനധികൃതമായി ഹാജരാകാതിരുന്നതിനെ തുടർന്ന് ടിയാനെതിരെ കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസർ ആരംഭിച്ച അച്ചടക്ക നടപടി പരാമർശം (1) നടപടിക്രമം പ്രകാരം തീർപ്പാക്കി ഉത്തരവായിരുന്നു. തുടർന്ന് ടിയാൻ 19.10.2009- ന് സർവീസിൽ തിരികെ പ്രവേശിക്കുകയും 31.05.2025-ന് സർവ്വീസിൽ നിന്നും വിരമിക്കുകയും ചെയ്തിരുന്നു. ആയതിനാൽ അനധികൃതമായി വിട്ടുനിന്ന 749 ദിവസകാലത്തെ സേവന കാലയളവ് KSR Part-I Rule 88 പ്രകാരം ശൂന്യവേതന അവധിയായി കണക്കാക്കി സർവീസ് ക്രമീകരിച്ചു നൽകണമെന്ന ടിയാന്റെ പരാമർശം (2) അപേക്ഷ പരാമർശം (3) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. പ്രവീൺകുമാർ. കെ.സി-യുടെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ 01.10.2007 മുതൽ 18.10.2009 വരെയുള്ള അനധികൃത ഹാജരില്ലായ്മ കാലയളവ്, ടിയാൻ 01.10.2007-നു മുമ്പ് പ്രൊബേഷൻ പൂർത്തീകരിച്ചിട്ടുള്ളതിനാൽ, മുൻകാല സേവനം നഷ്ടമാകാത്തവിധം നോൺ ഡ്യൂട്ടി ആയി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിജി സി എൻ

അണ്ടർ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം ( സേവന പുസ്തകം സഹിതം).

ശ്രീ. പ്രവീൺകുമാർ. കെ.സി, കിഴക്കേ ചാലിൽ ഹൗസ്, മണിയൂർ പി.ഒ, വടകര, കോഴിക്കോട് (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന).

ജില്ലാ മെഡിക്കൽ ഓഫിസർ, കോഴിക്കോട്.

മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യ കേന്ദ്രം, ഇരിങ്ങൽ, വടകര, കോഴിക്കോട്,

പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (12.03.2026 തീയതിയിലെ 3146542/HLT-B3/340/2025-FIN നമ്പർ അഭിപ്രായക്കുറിപ്പ് പ്രകാരം).

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ശേഖരം/ ഓഫീസ് കോപ്പി - (F2/19/2025-HEALTH ഫയലിലേയ്ക്ക്).

ഉത്തരവിൻ പ്രകാരം

Signed by

Vilasini K V

സെക്ഷൻ ഓഫീസർ

Date: 02-05-2026 15:55:14